ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങൾ

64 (7900) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ പ്രധാനപ്പെട്ട എന്തൊക്കെ ആവശ്യങ്ങളാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളത് ;

(ബി) തിരുവന്തപുരത്തുനിന്ന് മംഗലാപുരത്തേക്ക് പുതിയ ട്രെയിൻ തുടങ്ങണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനായുള്ള പ്രധാന ആവശ്യങ്ങളായ പെനിൻസുലാർ റെയിൽവേ സോൺ, പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴയിലെ വാഗൺ ഫാക്ടറി, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി. & ഡയഗ്നോസ്റ്റിക് സെന്ററും, മെമു, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം, പാതയുടെ ഗേജ് മാറ്റം, അങ്കമാലി-ശബരി പുതിയ റെയിൽവേ ലൈനിന്റെ നിർമ്മാണം, മറ്റ് പുതിയ ലൈനുകളുടെ സർവ്വേ/നിർമ്മാണം, നേമത്തും കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക് സിഗ്നൽ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകൾ ലോകനിലവാരത്തിലേക്കുയർത്തുന്നത്, സബർബൻ റെയിൽ തുടങ്ങിയവയ്ക്കാണ് 2014-15-ലെ റെയിൽവേ ബഡ്ജറ്റിൽ ആവ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്.

(ബി) തിരുവനന്തപുരത്ത് നിന്നും മംഗലാപുരം വരെ ഒരു ഇന്റർസിറ്റി ട്രെയിൻ അനുവദിക്കണമെന്ന ആവശ്യം 2014-15-ലെ റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച നിവേദനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly